# the Field of Blood
# രക്തനിലം

ബിജോയ് ശാമുവേൽ അബുദാബി

വിശുദ്ധ മത്തായി 27: 3 മുതൽ 9 വരെയുള്ള വചനങ്ങൾ പരിശോധിച്ച് ധ്യാനത്തിനായി പ്രയോജനപ്പെടുത്താൻ ദൈവത്തിൽ ശരണപ്പെടുന്നു.

“ അവനെ (യേശു) ശിക്ഷയ്ക്കു വിധിച്ചു എന്നു അവനെ കാണിച്ചുകൊടുത്ത യൂദാ കണ്ടു അനുതപിച്ചു. ആ മുപ്പതു വെള്ളിക്കാശ് മഹാപുരോഹിതന്മാരുടെയും മൂപ്പന്മാരുടെയും അടുക്കൽ മടക്കി കൊണ്ടുവന്നു. ഞാൻ കുററമില്ലാത്ത രക്തത്തെ കാണിച്ചുകൊടുത്തതിനാൽ പാപം ചെയ്തു എന്നു പറഞ്ഞു. അതു ഞങ്ങൾക്ക് എന്ത്? നീ തന്നെ നോക്കിക്കൊൾക എന്നു അവർ പറഞ്ഞു. അവൻ ആ വെള്ളിക്കാശ് മന്ദിരത്തിൽ എറിഞ്ഞു, ചെന്നു കെട്ടിഞാന്നു ചത്തുകളഞ്ഞു. മഹാപുരോഹിതന്മാർ ആ വെള്ളിക്കാശ് എടുത്തു. ഇത് രക്തവിലയാകയാൽ ശ്രീഭണ്ഡാരത്തിൽ ഇടുന്നതു വിഹിതമല്ല എന്നു പറഞ്ഞു. കൂടി ആലോചിച്ചു, പരദേശികളെ കുഴിച്ചിടുവാൻ അതുകൊണ്ട് കുശവന്റെ നിലം വാങ്ങി. ആകയാൽ ആ നിലത്തിനു ഇന്നുവരെ രക്തനിലം എന്നു പേർ പറയുന്നു.”

യേശുവിനെ കാണിച്ചു കൊടുത്ത യൂദായ്ക്കു ലഭിച്ച മുപ്പത് വെള്ളിക്കാശ് കൊണ്ടു മഹാപുരോഹിതന്മാർ വാങ്ങിയ നിലമാണ് രക്തിനിലം. ആത്മീയമായി സ്വയപരിശോധന നടത്തിയാൽ, നാം യേശുവിനെയും കല്പനകളെയും ലൗകീകമായ നേട്ടങ്ങൾക്ക് ഉപയോഗിച്ച് നേടിയെടുത്ത ധനവും വസ്തുവും സമ്പത്തും മററ് സൗകര്യങ്ങളും ഈ രക്തനിലത്തിനു തുല്ല്യമാണ്. നവീനസഭാ യേശുവിന്റെ പേരിൽ നടത്തുന്ന വേലകൾക്ക് ലഭിക്കുന്ന ധനം ഉപയോഗിച്ച് അവർ സ്വന്തമായി സമ്പാദിക്കുന്ന സ്വത്തുക്കളും വസ്തുക്കളും വീടും മററ് സൗകര്യങ്ങളും ഈ രക്തനിലത്തിന്റെ സ്ഥാനത്താണ്. പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും ദൈവവചനത്തെയും ധനവുമായി ബന്ധപ്പെടുത്തി, അതിനെ ജീവിതത്തിന്റെ ലൗകീകമായ ഉയർച്ചയ്ക്കു ദുരുപയോഗം അത് അനുഗ്രഹത്തിനുപകരം ശാപങ്ങളും ബന്ധനങ്ങളും കഷ്ടതകളും വരുത്തുന്നു. ദൈവത്തിന്റെ പേരിൽ ലഭിക്കുന്ന എല്ലാ സംഭാവനകളും നേർച്ചകളും ആത്മീയലോകത്തെ മണവാട്ടി സഭയുടെ / നമ്മുടെ ഓരോരുത്തരുടെയും പ്രാണന്റെ പൂർത്തീകരണത്തിനായി പ്രയോജനപ്പെടുത്തണം.

അല്ലാത്ത പക്ഷം അത് യൂദാ മൂലം ലഭിച്ച രക്തനിലത്തിന് തുല്ല്യമാണ്. ഒന്നു സ്വയപരിശോധന നടത്തി, നമ്മുടെ കൈവശം രക്തനിലം ഉണ്ടോയെന്ന് നോക്കി, പാപത്തിന്റെയും ശാപത്തിന്റെയും കെട്ടുകൾ അഴിക്കപ്പെടുവാൻ ആരാധനകളെയും ധ്യാനങ്ങളെയും പ്രയോജനപ്പെടുത്താം. പിതാവായ ദൈവത്തിന്റെ ഏകജാതനായ യേശുക്രിസ്തുവിന്റെ അനുയായികളായ നാം യേശുവിന്റെ മണവാട്ടി സഭയാണെന്നു പറയുകയും ആ മണവാളന്റെ സ്വഭാവങ്ങൾ ഒന്നും പ്രകടിപ്പിക്കാതെ അസൂയയും ദേഷ്യവും കോപവും കാണിക്കുമ്പോൾ, ദുഃഖിക്കുന്ന സ്വർഗ്ഗവും പിതാവും ഉണ്ടെന്ന വിവരം നാം വിസ്മരിക്കരുത്. നമ്മുടെ ചിന്തകളും യാചനകളും പ്രാർത്ഥനകളും എല്ലാം പിതാവിനെ പ്രസാദിപ്പിച്ച്, പുത്രന്റെ രണ്ടാം വരവിനായി, പദ്ധതികൾ പൂർത്തീകരിക്കാൻ നാം ശ്രമിക്കേണം. നമ്മുടെ സകല ചിന്തകളും ദൈവത്തിൽ സമർപ്പിച്ച്, നല്ലതും നന്മകളും മാത്രം പ്രവർത്തിക്കാൻ നമുക്ക് കഴിയണം. നമ്മുടെ ചിന്തകൾ / വിചാരങ്ങൾ എല്ലാം ദൈവത്തിന്റെ പദ്ധതികൾക്ക് ഉതകുന്നവിധം ആയിരിക്കണം. മറിച്ച് സാത്താന്റെ പ്രവർത്തനങ്ങൾക്ക് സഹായിക്കുന്നതാണോ എന്നു പരിശോധിക്കണം.

യൂദായെപ്പോലുള്ള ഒരു ശിഷ്യനെ യേശു തമ്പുരാൻ എന്തിനാണ് കൂടെകൊണ്ടു നടന്നതും ധനത്തിന്റെ കാര്യങ്ങൾ അവനെതന്നെ ഏൽപ്പിച്ചതും? യേശുവിന്റെ അത്ഭുതത്തിന്റെയും മററ് ശിഷ്യന്മാരിൽ നിന്നും തള്ളപ്പെടുന്ന ദുഷ്ടശക്തികൾക്ക് / പിശാചിന്റെ ശക്തികൾക്ക് മറഞ്ഞിരിക്കാൻ യൂദായുടെ ഹൃദയവും മനസ്സും ഉണ്ടായിരുന്നു. പണത്തിനോടുള്ള അവന്റെ ആർത്തി / അത്യാഗ്രഹം അവനെ പാപത്തിലും ശാപത്തിലും ജീവിക്കുന്നതിനും യേശുവിനെ ഒററികൊടുക്കുന്നതിലും കാര്യങ്ങൾ എത്തിച്ചു. നാം യേശുവിനെ ഒററികൊടുക്കാറുണ്ടോ? ദുഷിപ്പിക്കാറുണ്ടോ? ഇതിനെ രണ്ടു രീതിയിൽ പ്രധാനമായും കാണപ്പെടുന്നു. ആത്മീയവും ലൗകീകവും എന്നീ രണ്ടു കാര്യങ്ങൾ ആണ്. നാം ക്രിസ്ത്യാനിയായി ജനിച്ചതുകൊണ്ടും വിശുദ്ധ മാമോദീസാ ഏററതുകൊണ്ടും വിശുദ്ധ കൂദാശകൾ സ്വീകരിച്ച് വിശുദ്ധ സഭയോട് ചേർന്നു ജീവിക്കുമ്പോൾ നാം 'ക്രിസ്ത്യാനി' എന്ന നാമത്തിന് യോഗ്യരാണ്. എന്നാൽ യഥാർത്ഥ 'കിസ്ത്യാനി' എന്നത് ക്രിസ്തുവിനെ അനുഗമിക്കുന്നവരാണ്. അതിന് ദൈവത്തിന്റെ കല്പനകൾ അനുസരിക്കുകയും ജീവിതത്തിൽ നടപ്പാക്കുകയും ചെയ്യേണം. അങ്ങനെ ചെയ്യുന്നില്ലായെങ്കിൽ ദൈവത്തെ നാം കളിയാക്കുകയാണ് / ദുഷിപ്പിക്കുകയാണ്. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്ന പ്രാർത്ഥന ചൊല്ലുവാൻ നാം യോഗ്യരാണോ? നാം സ്വർഗ്ഗസ്ഥനായ പിതാവിന്റെ മക്കളാണെന്നാണ് പ്രാർത്ഥനയുടെ മറുവശം. ആയതിനാൽ നാം ദൈവത്തിന്റെ എല്ലാ സ്വഭാവവും പ്രകടിപ്പിക്കേണ്ടവരാണ്.

നമ്മുടെ ചിന്തകളും വിചാരങ്ങളും എല്ലാം ദൈവീകമായിരിക്കാൻ ശ്രമിക്കേണം. ഇതാണ് ആത്മീയമായ വശം. ഇനിയും ലൗകീകമായി യേശുവിനെ എങ്ങനെയാണ് വിൽക്കുന്നത് എന്നു പരിശോധിക്കാം. ദൈവത്തിന്റെ കാൽപാദത്തിൽ സർവ്വവും സമർപ്പിച്ച് അപേക്ഷിക്കാം. അർഹത ഇല്ലാത്ത കാര്യങ്ങൾ നേടിയെടുക്കുന്നതിന് പണം നേർച്ച നേർന്ന് പരിശുദ്ധന്മാരെയും ശുദ്ധീമതികളെയും നാം സാത്താന് വിൽക്കുമ്പോൾ, അഥാവ വിലയ്ക്കു വാങ്ങുമ്പോൾ, നാം അറിയാതെ ചെയ്യുന്ന തെററുകൾ ദൈവത്തെ ദുഃഖിപ്പിക്കുകയും സാത്താന്റെ ഉപകരണമായി മാറുകയും ചെയ്യുന്നു. നേർച്ച് നേർന്ന് ലഭിക്കുന്നത് എല്ലാം ദൈവത്തിന്റെ അനുവാദത്തോടെ ലഭിച്ചവയാണെന്ന് കരുതരുത്. പ്രാർത്ഥനയും ഉപവാസവും ദാനപ്രവൃത്തികളും ദൈവപ്രസാദത്തിന് യോഗ്യരാക്കുന്നു. എത്ര നിസാര കാര്യങ്ങളാണെങ്കിലും ദൈവത്തോട് ചോദിച്ച് ചെയ്യുന്നതാണ് ഉത്തമം. നാം പണം കൊണ്ട് കാര്യങ്ങൾ ദൈവത്തിൽ നിന്ന് നേടിയെടുക്കുമ്പോൾ, ദൈവത്തെ നമ്മുടെ ഇഷ്ടത്തിനായി വലിച്ചിഴക്കുകയും, സാത്താൻ നമ്മുടെമേൽ കുററം ആരോപിച്ച് കേസ്സുകൾ ഫയൽ ചെയ്യുന്നു. അങ്ങനെ യൂദാ സാത്താന്റെ വേലകൾ ചെയ്തതുപോലെ, നമ്മെ ഈ ലോകത്തിലെ അവന്റെ വേലകൾ ചെയ്യുന്നതിനായി യൂദായുടെ നിലവാരത്തിൽ എത്തിക്കുന്നു. നീതിപൂർവ്വമല്ലാതെ സമ്പാദിക്കുന്ന പണവും അത് ഉപയോഗിച്ച് നേടിയെടുക്കുന്ന സകലവും ദൈവത്തിന്റെ പദ്ധതികൾക്ക് എതിരാണ്, സാത്താന്റെ അടിമയ്ക്കു യോഗ്യരാകുന്നു.

ഈ ലോകത്തിൽ സമ്പത്ത് വർദ്ധിപ്പിക്കാൻ നാം വഴിവിട്ട് പരിശ്രമിക്കുമ്പോൾ, നാം അറിയാതെ എന്തെല്ലാം സംഭവിക്കുന്നു എന്ന ബോധ്യം വേണം. നമ്മുടെ കണ്ണുകൾക്ക് കാണാൻ കഴിയാത്ത ചില കാര്യങ്ങൾ, മനസ്സിൽ തോന്നാത്ത ചില സംഗതികൾ സംഭവിക്കുന്നു. അത് തിരിച്ചറിയണമെങ്കിൽ പരിശുദ്ധാത്മാവിന്റെ നിറവ് ആവശ്യമാണ്. പാപം ചെയ്യുമ്പോൾ മരിക്കുന്ന നമ്മുടെ അവസ്ഥ / വശം ദേഹിയാണ്, അത് നമ്മുടെ കണ്ണുകൾ കൊണ്ട് കാണാനോ ഗ്രഹിക്കാനോ കഴിയുകയില്ല. ദൈവത്തിന്റെ അനുഗ്രഹങ്ങളെ ലഭിക്കാതെ വരുമ്പോൾ, പ്രാർത്ഥനയിലൂടെ പരിശുദ്ധാത്മാവ് നമുക്ക് ബോധ്യം തരുന്നു. പാപത്തിന്റെയും മോഹത്തിന്റെയും കാരണത്താൽ നമ്മുടെ പ്രാണൻ / ജീവൻ / ദേഹി പാതാളത്തിൽ അകപ്പെടുന്നു. അതിലൂടെ സാത്താൻ നമ്മെ അവന്റെ ഉപകരണമാക്കി പ്രവർത്തിപ്പിക്കുന്നു. നാം സ്വയം ചിന്തിച്ച്, ദൈവത്തിന്റെ ആലോചന ഇല്ലാതെ ഓരോ കാര്യങ്ങൾ ചെയ്യുമ്പോൾ നമ്മുടെ പ്രാണൻ നഷ്ടപ്പെടുന്നു.

അങ്ങനെ നഷ്ടപ്പെടുന്ന പ്രാണനെ, യേശുവിന്റെ രക്തത്താൽ തിരികെ കൊണ്ടുവരാൻ നാം അനുതപിക്കുകയും തെററുകൾ ഏററുപറയുകയും ചെയ്തു നമ്മുടെ പ്രാണനെ തിരികെ യേശുവിൽ ഏൽപ്പിക്കണം. അതാണ് നമ്മുടെ ഓരോരുത്തരുടെയും ക്രിസ്തീയജീവിതത്തിലെ പ്രഥമകടമ. ദൈവത്തിന്റെ ഇഷ്ടത്തിനായി നമ്മുടെ ജീവിതത്തെ ക്രമപ്പെടുത്തി, ദൈവത്തിന്റെ പദ്ധതിയിൽ ചേർന്നു പ്രവർത്തിച്ച്, യേശുവിന്റെ രണ്ടാമത്തെ വരവിനായി പ്രാർത്ഥനയോടെ കാത്തിരിക്കാം. നമ്മുടെ ഉള്ളിലെ യൂദായുടെ സ്വഭാവത്തെയും പണത്തിന്റെ പെരുമയും രക്തനിലത്തെയും നീക്കി, ഉണ്ണാനും ഉടുക്കാനും ഉണ്ടെങ്കിൽ അത് മതിയെന്നും ദൈവത്തിന്റെ മക്കളായി ജീവിച്ച് മണവാട്ടി സഭയുടെ വളർച്ചയ്ക്കായി പ്രവർത്തിക്കാം.